# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1704
## 06.07.2015- ലെ മറുപടിക്ക്

## എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ച രജിസ്റ്റർ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഗവ. സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചതും ഇതര ഫയലുകളും ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിലവിൽ ധനകാര്യ (നോഡൽ) വകുപ്പിൽ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) തന്മൂലം ആസ്തി വികസന ഫണ്ടുകളനുസരിച്ചുള്ള ഫയലുകൾ ശ്രദ്ധിക്കപ്പെടാനും തീർപ്പു കല്പിക്കപ്പെടാനും കാലതാമസം നേരിടുന്ന പ്രശ്നം അറിവുള്ളതാണോ; | രജിസ്റ്ററുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല എന്ന കാരണത്താൽ ധനകാര്യ വകുപ്പിൽ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള ഫയലുകൾക്ക് കാലതാമസം നേരിട്ടിട്ടില്ല. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചു വരുന്നു. |
| (സി) എങ്കിൽ, സെക്രട്ടേറിയറ്റിലെ വകുപ്പുകളിലേയും വിവിധ വകുപ്പ് ഓഫീസുകളിലേയും മണ്ഡലം തിരിച്ച് ആസ്തി വികസന ഫണ്ടു സംബന്ധിച്ച ഫയലുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കാൻ ആവശ്യമായ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ? | സെക്രട്ടേറിയറ്റിലെ വകുപ്പുകളിലേയും വിവിധ വകുപ്പ് ഓഫീസുകളിലേയും ആസ്തി വികസന ഫണ്ടുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയ ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

Sreekumar

സെക്ഷൻ ഓഫീസർ